മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

[Mahatma Gandhi NREGA Social Audit Society Kerala (MGNSASK)]

*28.02.2024 ബുധനാഴ്ച 10.30-ന് ചേർന്ന*

*എക്സിക്യൂട്ടീവ് യോഗത്തിന്റെ*

# *മിനിട്ട്സ്*


**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
**(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)**
**2ാം നില, സി.ഡബ്ല്യൂ.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,**
**വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033**
**ഫോൺ നമ്പർ : 04712724696. ഇ-മെയിൽ: keralasocialaudit@gmail.com**

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
## സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരളം

2024 ഫെബ്രുവരി 28-ാംതീയതി 10.30-ന് ചെയർമാൻ ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്സിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്

**ഹാജർ:**

1. ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്.,- ചെയർമാൻ
2. ഡോ.എൻ.രമാകാന്തൻ - കൺവീനർ
3. ശ്രീ. എസ്. രാജേന്ദ്രൻ - അംഗം
4. ശ്രീമതി. ഗിരിജ സുരേന്ദ്രൻ -അംഗം
5. ശ്രീ. എ.എൻ.പ്രഭാകരൻ-അംഗം
6. ശ്രീ. മധുസൂദനൻ നായർ.ടി.എസ്-(ഡെപ്യൂട്ടി സെക്രട്ടറി-ഫിനാൻസ് വകുപ്പ്) പ്രതിനിധി.
7. ശ്രീമതി. മിനിമോൾ.കെ.ജി. -ഡയറക്ടർ കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്

## യോഗ തീരുമാനങ്ങൾ

1. **2022 ഒക്ടോബർ 27-ാംതീയതി ചേർന്ന എക്സിക്യൂട്ടീവ് യോഗത്തിന്റെ നടപടിക്കുറിപ്പ് അംഗീകരിക്കൽ**

   **തീരുമാനം:**

   2022 ഒക്ടോബർ 27-ാംതീയതി ചേർന്ന എക്സിക്യൂട്ടീവ് യോഗത്തിന്റെ മിനിട്ട്സ് യോഗം അംഗീകരിച്ചു.

2. **2022 ഒക്ടോബർ 27-ാം തീയതി ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിന്മേൽ കൈക്കൊണ്ട നടപടികൾ സംബന്ധിച്ച പുരോഗതി റിപ്പോർട്ട്**

   **തീരുമാനം:**

   2022 ഒക്ടോബർ 27-ാംതീയതി കൂടിയ യോഗത്തിന്റെ നടപ്പാക്കിയ തീരുമാനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ഡയറക്ടർ വിശദീകരിച്ചു. ഒഴിവുള്ള റിസോഴ്സ് പേഴ്സൺസ് തസ്തികകളിൽ നിലവിലെ ചട്ടപ്രകാരം തെരഞ്ഞെടുപ്പ് നടത്തി പരിശീലനം നൽകി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി സംസ്ഥാനത്തെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ സുഗമമമാക്കി നടപ്പിലാക്കുന്നതിന് കൈക്കൊണ്ട നടപടിയിൽ യോഗം സംതൃപ്തി രേഖപ്പെടുത്തി. പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന ജില്ലാ-ബ്ലോക്ക്- വില്ലേജ് റിസോഴ്സ് പേഴ്സൺസ്മാർക്ക് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നിർദ്ദേശിച്ച പ്രകാരം സമയബന്ധിതമായി പരിശീലനം സംഘടിപ്പിക്കുന്നതിനും നിലവിലുള്ള റിസോഴ്സ് പേഴ്സണ്മാരുടെ തുടർ പരിശീലനങ്ങൾക്കും വേണ്ടുന്ന നടപടികൾ കൈക്കൊള്ളുവാൻ യോഗം തീരുമാനിച്ചു.

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA (Govt. of Kerala) C.W.C. BUILDING L.M.S. PALAYAM TRIVANDRUM-33

...RAMAKANTAN

SPORTS & YOUTH AFFAIRS, ANIMAL HUSBANDRY, DAIRY DEPT. AND ZOO DEPT. Govt. Secretariat

PRANABJYOTI NATH IAS
Secretary to Government

3. **2023-24 സാമ്പത്തിക വർഷത്തെ നാളിതുവരെയുള്ള വരവ് ചെലവ് കണക്കുകളുടെ അംഗീകാരം**

**തീരുമാനം:**

2023-24 സാമ്പത്തിക വർഷത്തെ (01.04.2023 മുതൽ 20.02.2024 വരെയുള്ള) സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ വരവ് ചെലവു കണക്കുകൾ യോഗം അംഗീകരിച്ചു.

4. **2023-24 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട ഭൗതിക പുരോഗതി സംബന്ധിച്ച റിപ്പോർട്ട്**

**തീരുമാനം:**

2023-24 സാമ്പത്തിക വർഷത്തെ (2023 ഏപ്രിൽ മുതൽ 24 ഫെബ്രുവരി 20 വരെ) സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് കൈവരിച്ച ഭൗതിക പുരോഗതിയിൽ യോഗം സംതൃപ്തി രേഖപ്പെടുത്തി. 2023-24 രണ്ടാപാദ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് മുമ്പായി പരമാവധി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ യോഗം തീരുമാനിച്ചു.

5. **സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർ പരിഹാര നടപടികൾ സംബന്ധിച്ച റിപ്പോർട്ട് അംഗീകരിക്കൽ**

**തീരുമാനം:**

2021-2022, 2022-2023, 2023-2024 വർഷങ്ങളിലെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർപരിഹാര നടപടികൾ സംബന്ധിച്ച റിപ്പോർട്ട് സമിതി അവലോകനം ചെയ്തു. 2021-22ൽ 69.12% വും 2022-23-ൽ 64.45% 2023-24ൽ 34.82% ഇഷ്യൂസ് പരിഹരിച്ചതായി യോഗം വിലയിരുത്തി. തുടർന്ന് വരുന്ന വർഷങ്ങളിൽ കണ്ടെത്തലുകളുടെ എണ്ണം ക്രമാനുഗതമായി വർദ്ധിക്കുന്നതായും എന്നാൽ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ കണ്ടെത്തുന്ന ഇഷ്യൂസ് സമയബന്ധിതമായി പരിഹരിച്ച് എ.റ്റി.ആർ ക്ലോസ് ചെയ്യുന്നതിൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ലായെന്നും യോഗം വിലയിരുത്തുകയും തുടർ പരിഹാര നടപടികൾ കൈക്കൊള്ളുവാൻ യോഗം ഡയറക്ടറെ ചുമതലപ്പെടുത്തി.

6. **പുതുതായി തിരഞ്ഞെടുത്ത 10 ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെയും വയനാട്(21), കോഴിക്കോട്(5) ജില്ലയിലെ 26 വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെയും നിയമന നടപടികൾക്കുള്ള സാധൂകരണം**

**തീരുമാനം:**

നിലവിലെ ചട്ടങ്ങൾ പാലിച്ചുകൊണ്ടും ഗവേർണിംഗ് ബോഡിയുടെ നിർദ്ദേശ പ്രകാരവും സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്കായി പുതുതായി തിരഞ്ഞെടുത്ത പത്ത് ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെയും വയനാട് (21), കോഴിക്കോട്(5) 26 വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെയും നിയമനത്തിന് യോഗം സാധൂകരണം നൽകുകയുണ്ടായി.

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S. PALAYAM
TRIVANDRUM-33
(Govt. of Kerala)

Dr. N. RAMAKANTAN
DIRECTOR, MGNREGA

SPORTS & YOUTH AFFAIRS, ANIMAL HUSBANDRY, DAIRY DEVPT. AND ZOO DEPT.
Govt. Secretariat

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &...

7. **സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിലെ നിലവിലുണ്ടായിരുന്ന സോഷ്യൽ ഡെവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റ്, സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ എന്നീ ഒഴിവുകളിലേക്ക് നടത്തിയ നിയമനത്തിന് അംഗീകാരം നൽകൽ**

**തീരുമാനം:**

ഗവേർണിംഗ് ബോഡി യോഗത്തിന്റെ തീരുമാനപ്രകാരം സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിൽ നിലവിലുണ്ടായിരുന്ന സോഷ്യൽ ഡെവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റ്, സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ എന്നീ ഒഴിവുകളിലേക്ക് നടത്തിയ നിയമനത്തിന് യോഗം സാധൂകരണം നൽകി.

8. **സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച കൈപ്പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി സംബന്ധിക്കുന്ന തീരുമാനം**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ചുമതലകളും ഉത്തരവാദിത്വങ്ങളും വ്യക്തമാക്കുന്നതും സോഷ്യൽ ഓഡിറ്റ് പ്രക്രിയയുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിനും സഹായകമായ ഒരു കൈപ്പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള നിർദ്ദേശം യോഗം ചർച്ച ചെയ്തു. ഗവേർണിംഗ് ബോഡിയുടെ അനുമതിയ്ക്ക് വിധേയമായി നടപടികൾ സ്വീകരിക്കുവാൻ യോഗം തീരുമാനിച്ചു.

യോഗം 10.55-ന് അവസാനിച്ചു.

**ഡോ .എൻ.രമാകാന്തൻ**
ഡയറക്ടർ
സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

**പ്രണബ് ജ്യോതിനാഥ് ഐ.എ.എസ്**
ജലവിഭവവകുപ്പ് സെക്രട്ടറി. & ചെയർമാൻ,
കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat
Thiruvananthapuram

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
(Govt. of Kerala)